(ബി) 9-ാം പദ്ധതിക്കാലത്തെ ദാരിദ്ര്യ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 9-ാം പദ്ധതിക്കാലത്തെ സെൻസസ് പ്രകാരം ഗ്രാമപ്രദേശങ്ങളിലെ 36.56% കുടുംബങ്ങളാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കിയിട്ടുള്ളത്.

(ഡി) ഇതിൽ പട്ടികജാതി 19.45%-ഉം, പട്ടികവർഗ്ഗം 2.72%-ഉം, പിന്നോക്ക വിഭാഗം 52.72%-ഉം ഉൾപ്പെടുന്നു.

(ഇ) ഓരോ പഞ്ചവത്സര പദ്ധതിക്കാലത്തേക്കുമാണ് സെൻസസ് നടത്തുന്നത്.

(എഫ്) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പത്താം പദ്ധതിക്കായി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുമ്പോൾ നിലവിലുള്ള ദാരിദ്ര്യ രേഖാ ലിസ്റ്റിലെ കുടുംബങ്ങളുടെ എണ്ണത്തേക്കാൾ കുറവായിരിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന്റെ മാനദണ്ഡം

13 [720] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ജീവനക്കാരുടെ എത്ര സർവ്വീസ് സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ് ജീവനക്കാരുടെ 299 സംഘടനകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഗവൺമെന്റ് ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 76 മുതൽ 79 വരെയുള്ള റൂളുകളിലെ വ്യവസ്ഥകളനുസരിച്ചാണ് സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നത്.

അധിക ജീവനക്കാരുടെ പുനർവിന്യാസം

14 [721] ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ബാലൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ അധിക ജീവനക്കാരുടെ പുനർവിന്യാസ നടപടിമൂലം വിവിധ ഡിപ്പാർട്ടുമെന്റുകൾ ഒഴിവുകൾ റിപ്പോർട്ടു ചെയ്യാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly